**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ ഹിമ എം, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കുറിപ്പ് നം DHS/22082/2025-ER2 തീയതി 11.09.2025

2. എ1- 9332/2018/ജിമെആ പാലക്കാട് തീയതി. 29.05.2019

3. കാരണം കാണിക്കൽ നോട്ടീസ് നം DHS/22461/2025-EA4 തീയതി 16.9.2025

4. സ ഉ (സാധാ) നം 1130/2021/ആകുവ തീയതി 27.05.2021

5. ഡോ ഹിമ എം സമർപ്പിച്ച അപേക്ഷ തീയതി 24.09.2025

**ഉത്തരവ് നം. DHS/22461/2025-EA4 തീയതി.23-10-2025**

ഡോ ഹിമ എം (Dr Hima M, PEN 839559), 16.07.2018 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പാലക്കാട് നന്ദിയോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ ടിയാൾക്ക് 17.07.2018 മുതൽ 12.01.2019 വരെ മെറ്റേർണിറ്റി അവധിയും 13.01.2019 മുതൽ 13.03.2019 വരെ ശൂന്യവേതനാവധിയും ജില്ലാ മെഡിക്കൽ ഓഫീസർ അനുവദിച്ചു. ടി അവധിയ്ക്കുശേഷം തിരികെ സേവനത്തിൽ പ്രവേശിച്ചിരുന്നില്ല. ഡോ ഹിമ എം, 14.03.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ്

ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം നോട്ടീസ് നൽകി. ഡോ ഹിമ എം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചു.

(2) ഡോ ഹിമ എം, അസിസ്റ്റന്റ് സർജൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. 07.03.2020 ന് സീനിയർ റസിഡൻസിയ്ക്കായി പ്രവേശിച്ചുവെന്നും അതിനു ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് സമീപിച്ചപ്പോൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന വിവരം റിപ്പോർട്ട് ചെയ്തിരുന്നുവെന്നും നേരിൽ കേൾക്കുന്നതിന് അനുവാദം നൽകണമെന്നും അപേക്ഷിച്ചിരുന്നു. ടിയാളുടെ ആവശ്യ പ്രകാരം 15.10.2025 ന് ആരോഗ്യ വകുപ്പ് ഡയറക്ടർ നേരിൽ കേൾക്കുന്നതിന് അവസരം നൽകി. പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനുള്ള താത്കാലിക തീരുമാനത്തിനെതിരെ പ്രസക്തമായ വാദങ്ങളൊന്നും ബോധിപ്പിക്കുന്നതിനോ അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായുള്ള രേഖകൾ ഹാജരാക്കുന്നതിനോ ഡോ ഹിമ എം ന് കഴിഞ്ഞിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ പരാമർശം (5) ലെ അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. മാത്രവുമല്ല പരാമർശം (4) പ്രകാരം തിരികെ പ്രവേശിപ്പിക്കണമെന്നുള്ള ടിയാളുടെ അപേക്ഷ സർക്കാർ പരിഗണിച്ചിരുന്നില്ല. ടി സാഹചര്യത്തിൽ 14.03.2019 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ഹിമ എം അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ ഹിമ എം അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 23-10-2025 12:38:55

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Hima M,**

**Chithira, Panpuram,**

**Kalluvathukkal (PO), Kollam**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

പാലക്കാട് .

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

സാമൂഹികാരോഗ്യ കേന്ദ്രം നന്ദിയോട്, പാലക്കാട്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ